2026 കേരള നിയമസഭാ തിരഞ്ഞെടുപ്പ് അവലോകനം

മലയാള മുന്നേറ്റം

2026 കേരള നിയമസഭാ തിരഞ്ഞെടുപ്പ് അവലോകനം

ചുരുക്കം

2026 കേരള നിയമസഭാ തിരഞ്ഞെടുപ്പിൽ ഐ.എൻ.സി നയിക്കുന്ന ഐക്യ ജനാധിപത്യ മുന്നണി102 ഇടങ്ങളിൽ വിജയിച്ച് കേവലഭൂരിപക്ഷമായ 71 മറികടന്ന് ഭരണമുന്നണിയായ സി.പി.ഐ.(എം) നയിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ തോൽപ്പിച്ച് അധികാരം പിടിച്ചെടുത്തു.

കക്ഷിനില (എണ്ണം)



ഏറ്റവും വലിയ ഒറ്റകക്ഷിയായി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് 63 ഇടങ്ങളിൽ വിജയിച്ചപ്പോൾ രണ്ടാമത്തെ വലിയ കക്ഷിയായി സി.പി.ഐ.(എം) 26 മണ്ഡലങ്ങൾ നിലനിർത്തി. മൂന്നാം വലിയ കക്ഷിയായി ഐ.യു.എം.എൽ 22 ഇടങ്ങൾ വിജയിച്ചു.

മുന്നണി നില



ആകെ **140** മണ്ഡലങ്ങളിലേക്കുമായി നടന്ന തിരഞ്ഞെടുപ്പിൽ മൂന്നു മുന്നണികളായി തിരിഞ്ഞ് മത്സരം കാഴ്ചവയ്ക്കുകയും **102** ഇടങ്ങളിൽ ഐക്യചേരി വിജയിച്ചപ്പോൾ, **35** ഇടങ്ങൾ ഇടതുചേരി നിലനിർത്തുകയും **3** മണ്ഡലങ്ങൾ ദേശീയ ജനാധിപത്യ സഖ്യം പിടിച്ചെടുക്കുകയും ചെയ്തു.

79.7% **ആകെ വോട്ടർമാർ**

2021 – 2026 ശതമാന നില

ഐ.ജ.മു **ഇ.ജ.മു** **ദേ.ജ.സ**

കക്ഷി	2021	കക്ഷി	2026	നില
ഐ.എൻ.സി	25.12	ഐ.എൻ.സി	28.79	⇧ 3.59%
ഐ.യു.എം.എൽ	8.27	ഐ.യു.എം.എൽ	11.01	⇧ 2.74%
കെ.ഇ.സി	2.66	കെ.ഇ.സി	2.43	⇧ 0.23%
ആർ.എസ്.പി	1.17	ആർ.എസ്.പി	1.21	⇧ 0.04%
കെ.ഇ.സി (ജെ)	0.41	കെ.ഇ.സി (ജെ)	0.42	⇧ 0.01%
ആർ.എം.പി	0.031	ആർ.എം.പി.ഐ	0.33	⇧0.02%
→	**39.47**	സി.എം.പി	0.21	-
സി.പി.ഐ	7.58	സ്വതന്ത്ര	2.15	-
സി.പി.ഐ(ഐം)	25.38	→	**46.54**	**⇧ 7.07%**
കെ.ഇ.സി (മാ)	3.28	സി.പി.ഐ	6.64	⇩ 0.94%

ജെ.ഡി.എസ്	1.28	സി.പി.ഐ(ഐം)	21.77	⇩ 3.61%
നാഷണൽ കോ	0.99	കെ.ഇ.സി (മാ)	2.60	⇩ 0.68%
എൽ.ജെ.ഡി	0.93	ആർ.ജെ.ഡി	0.82	-
ഐ.എൻ.എൽ	0.66	എൻ.സി.പി.എസ്.പി	0.68	⇩ 0.31%
കോൺ (സെ)	0.29	ഐ.എസ്.ജെ.ഡി	0.27	-
→	**45.43**	ഐ.എൻ.എൽ	0.19	⇩ 0.47%
ബി.ജെ.പി	11.30	കോൺ(എസ്)	0.24	⇩ 0.05%
ബി.ഡി.ജെ.എസ്	1.06	കെ.ഇ.സി(ബി)	0.28	-
എ.ഐ.ഡി.എം.കെ	0.05	ആർ.എസ്.പി. (എൽ)	0.26	-
		സ്വതന്ത്ര	3.88	-
→	**12.41**	→	**37.64**	⇩ **7.79%**
ബി.എസ്.പി	0.23	ബി.ജെ.പി	11.42	⇧ 0.12%
ട്വന്റി ട്വന്റി	0.71	ബി.ഡി.ജെ.എസ്	1.34	⇧ 0.28%
എസ്.ഡി.പി.ഐ	0.36	ട്വന്റി ട്വന്റി	1.41	⇧ 0.70%
നോട്ട	0.47	സ്വതന്ത്ര	0.03	-
വിഫോർകേരള	0.05	→	**14.20**	⇧ **1.79%**
എസ്.യു.സി.ഐ	0.04	ആം.ആദ്.മി	0.17	-
		നോട്ട	0.57	⇧
		ബി.എസ്.പി	0.15	⇩
		എസ്.ഡി.പി.ഐ	1.8	⇧
		വിഫോർകേരള	0.12	⇧
		എസ്.യു.സി.ഐ	0.08	⇧

	ഒന്നാമത് വന്ന മണ്ഡലങ്ങൾ	രണ്ടാമത് വന്ന മണ്ഡലങ്ങൾ
ഐക്യചേരി (UDF)	102	33
ഇടതുചേരി (LDF)	35	101
ദേശീയചേരി (NDA)	3	6

വിശകലനം

ഐക്യ ജനാധിപത്യ മുന്നണി (UDF)

ജയം	102
ഐ.എൻ.സി	63 (ഏറ്റവും വലിയ കക്ഷി)
ഐ.യു.എം.എൽ	22 (മൂന്നാമത്തെ വലിയ കക്ഷി)
കെ.ഇ.സി	7

ഇടതു ജനാധിപത്യ മുന്നണി (LDF)

ജയം	35
സി.പി.ഐ.എം	26 (രണ്ടാമത്തെ വലിയ കക്ഷി)
സി.പി.ഐ	8

ദേശീയ ജനാധിപത്യ സഖ്യം (NDA)

ജയം	3
ബി.ജെ.പി	3

വിലയിരുത്തൽ

ചുരുക്കം :

1. ശക്തമായ ഭരണവിരുദ്ധ വികാരം
2. മുഖ്യമന്ത്രിക്കെതിരെ ഉള്ള ഘടകം
3. ഐക്യമുന്നണിയുടെ ഏകീകൃതവും കൃത്യമായ വിലയിരുത്തലും
4. ന്യൂനപക്ഷ വോട്ടുകളുടെ ഏകീകരണം
5. ഹിന്ദു സാമുദായിക വോട്ടിന്റെ ഭിന്നിപ്പ്
6. ശബരിമല
7. സി.പി.എം ഉൾകക്ഷി പോര്
8. യുവാക്കളും മധ്യവർഗ്ഗവും
9. ആശ വർക്കർമാർ

1. **ശക്തമായ ഭരണവിരുദ്ധ വികാരം:**

നിലവിലെ ഇടതുമുന്നണിയുടെ 21 മന്ത്രിമാരിൽ 13 പേരും തോൽവി ഏറ്റുവാങ്ങിയെ ചുറ്റുപാടിനെ രണ്ടാം ഇടതുചേരി ഭരണത്തിനെതിരെ ജനങ്ങൾക്കിടയിൽ ശക്തമായ അസ്വാരസ്യം ഉടലെടുത്തതാണെന്ന് വിലയിരുത്താം. തുടരെത്തുടരെയുള്ള അഴിമതി ആരോപണങ്ങൾ, മുഖ്യമന്ത്രിയെയും കുടുംബത്തെയും ഉന്നംവച്ചുകൊണ്ടുള്ള വിവാദങ്ങൾ, സംസ്ഥാനത്തിന്റെ ധനകാര്യത്തിൽ ഉണ്ടായിട്ടുള്ള വീഴ്ച, ക്ഷേമ പെൻഷൻ, ശമ്പളം എന്നിവ വൈകയിൽ മുതലായ എല്ലാ ഘടകങ്ങളും ഇതിൽ പ്രവർത്തിച്ചിട്ടുണ്ട്. കണ്ണൂർ മുതൽ തിരുവനന്തപുരംവരെ ആ ഭരണവിരുദ്ധവികാരം പടർന്നിരുന്നു എന്നത് വ്യക്തമാണ്. അത് ഐക്യചേരിക്ക് അനുകൂലമാവുകയും ചെയ്തു.

2. **മുഖ്യമന്ത്രിക്കെതിരെ ഉള്ള ഘടകം**

പ്രതിപക്ഷം കൂടുതലായും മുഖ്യമന്ത്രിയെ രാഷ്ട്രീയമായി നേരിട്ട് ആക്രമിക്കുന്ന ഒരു സമീപനമാണ് കൈക്കൊണ്ടതും, അത് ഫലം ചെയ്യുകയും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിക്കും കുടുംബാംഗങ്ങൾക്കും എതിരെ ഉയർന്നുവന്ന ആരോപണങ്ങളെ പ്രതിരോധിക്കുന്നതിൽ അമിതാവേശം സി.പി.ഐ.എംന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളത് പാർട്ടി തലങ്ങളിലും ജനങ്ങൾക്കിടയിലും അപ്രീതിയുണ്ടാക്കി എന്ന് വിലയിരുത്തുന്നു. പിണറായി വിജയന്റെ പൊതുജനങ്ങളോടുള്ള പെരുമാറ്റം ഉൾപ്പെടെ പ്രതിപക്ഷം ഉന്നംവയ്ക്കുകയും വിജയകരമായി ആളുകൾക്കിടയിൽ അതെത്തിക്കാൻ അവർക്ക് കഴിയുകയും ചെയ്തിട്ടുണ്ട്. രണ്ടാം പിണറായി സർക്കാർ പൂർണ്ണമായും മുഖ്യമന്ത്രിയുടെ ഏകാധിപത്യ വാഴ്ചയ്ക്ക് കീഴിൽ വന്നു എന്ന ഒരു പ്രതീതി ജനങ്ങൾക്ക് ഉണ്ടായിട്ടുണ്ട്. 2021-ൽ മിന്നുന്ന പ്രകടനം കാഴ്ചവച്ച പരിചയസമ്പന്നരും ജനപ്രിയരുമായ മന്ത്രിമാർക്ക് ക്യാബിനറ്റിൽ ഇടംകൊടുക്കാതിരുന്നത് ക്യാബിനറ്റ് പൂർണ്ണമായും തന്റെ അധീനതയിൽ കൊണ്ടുവരാനുള്ള പിണറായിയുടെ നീക്കമായി വിലയിരുത്തപ്പെട്ടു. സി.പി.ഐ.എംൽ നിന്നുതന്നെ ഉയർന്നുവന്ന എതിർപ്പിനെ വേണ്ടവിധം ഗൗനിച്ചില്ല എന്ന ഒരു വസ്തുതകൂടി അതിൽ അടങ്ങിയിരിക്കുന്നു.

ഇത്രയും ആരോപണങ്ങൾ ഉയർന്നു നിൽക്കുന്ന സാഹചര്യത്തിലും പിണറായി വിജയനെ ഏക നേതാവായി ഉയർത്തിക്കാട്ടി അല്ലെങ്കിൽ ഇടതുചേരിയുടെ മുഖമായി അവതരിപ്പിച്ചുകൊണ്ടുള്ള തിരഞ്ഞെടുപ്പ് പ്രചരണം ഇടതുചേരിക്ക് കടുത്ത തിരിച്ചടിയാണ് നൽകിയത് എന്ന് വിലയിരുത്തുന്നു. 'ക്രൈസിസ് മാനേജർ' എന്ന പദവിയിൽനിന്നും കേന്ദ്രീകരണ സ്വഭാവം വിപുലികരിച്ചത് മുഖ്യമന്ത്രി പിണറായി വിജയനെതിരെയുള്ള വികാരം ഉയർത്താൻ ഇടയാക്കി എന്ന് വിലയിരുത്തുന്നു.

3. ഐക്യമുന്നണിയുടെ ഏകീകൃതവും കൃത്യമായ വിലയിരുത്തലും

വി.ഡി സതീഷന്റെ നേതൃത്വത്തിൽ ചിന്നഭിന്നമായിരുന്ന മുന്നണിയെ ഏകീകരിക്കാനും തിട്ടമുള്ളതും എണ്ണയിട്ടപോലെ പ്രവർത്തിക്കുന്നതുമായ ഒരു സംവിധാനവും ഒരുക്കിയാണ് പ്രതിപക്ഷം തിരഞ്ഞെടുപ്പിനെ നേരിട്ടിട്ടുള്ളത്. ദേശീയ തലത്തിൽ സ്വാധീനമുള്ള നേതാക്കളെയും പ്രാദേശിക തലത്തിൽ സ്വാധീനമുള്ള ഡി.കെ ശിവകുമാർ, രേവന്ദ് റെഡ്ഡി പോലുള്ള നേതാക്കളെയും അതുപോലെ കേരളത്തിൽ പ്രമുഖരായ നേതാക്കളെയും എല്ലാം പ്രചരണത്തിന് അണിനിരത്തിയുള്ള പ്രവർത്തനം ഒരു ഘടകമാണെന്ന് വിലയിരുത്തുന്നു. കൃത്യമായ തരത്തിൽ തിരഞ്ഞെടുപ്പിനായുള്ള ഫണ്ട് സ്വരൂപിക്കാനും അതുപോലെ പ്രചരണം ശക്തപ്പെടുത്തുന്നതിനായി ഫണ്ട് കൃത്യമായി മണ്ഡലങ്ങളിലേക്ക് എത്തിക്കുന്നതിൽ വി.ഡി സതീഷൻ എടുത്തിട്ടുള്ള നടപടികളും സാമ്പത്തികമായി പ്രചരണത്തെ ശക്തിപ്പെടുത്തുന്നതിൽ സഹായകരമായി വന്നിട്ടുണ്ട്. സീറ്റ് നിർണ്ണയത്തിൽ തുടക്കത്തിൽ ഉണ്ടായിട്ടുള്ള വിവാദങ്ങളെ മറികടക്കാൻ കഴിഞ്ഞതും ഒരു ഘടകമായിട്ടുണ്ടെങ്കിലും പല സ്ഥാനാർത്ഥികളും വിജയിച്ചതിനു പിന്നിൽ മുന്നണിക്ക് ഉണ്ടായ ശക്തമായ ജനാനുകൂലതയും ഭരണവിരുദ്ധ തരംഗവുമാണെന്ന് വിലയിരുത്തുന്നു.

4. ന്യൂനപക്ഷ വോട്ടുകളുടെ ഏകീകരണം

ക്രിസ്ത്യൻ-മുസ്ലീം സമുദായങ്ങളുടെ വോട്ടുകൾ കൃത്യമായി ഏകീകരിച്ച് തങ്ങളിലേക്ക് എത്തിക്കാൻ ഐക്യചേരിക്ക് കഴിഞ്ഞു. ലീഗിന്റെ അതിശക്തമായ പ്രചരണം മലബാറിൽ മുസ്ലീം സമുദായ വോട്ടുകൾ നിലനിർത്താൻ സഹായകരമായി. കേരള കോൺഗ്രസ്സിന്റെ

മുന്നണിയിലെ പ്രവർത്തനവും സാമുദായിക വോട്ടുകൾ ഐക്യചേരിയിലേക്ക് എത്തിക്കുന്നതിന് സഹായകരമായിട്ടുണ്ടെന്ന് വിലയിരുത്തുന്നു.

ഹിന്ദു സമുദായ വോട്ടുകളിൽ ഭിന്നിപ്പ് നേരിടുന്നുണ്ടെന്ന് തിരിച്ചറിഞ്ഞ് സി.പി.ഐ.എം നടത്തിയിട്ടുള്ള 'വീണ്ടെടുക്കൽ പ്രവർത്തനങ്ങൾ' ഇടതുചേരിക്ക് വലിയ തിരിച്ചടിയായി മാറിയിട്ടുണ്ട്. വെള്ളാപ്പള്ളി നടേശന്റെ മുസ്ലീം വിരുദ്ധ പരാമർശങ്ങളും അതിനെ അപലപിക്കാതെ എസ്.എൻ.ഡി.പി വോട്ടുകൾ തിരിച്ചുപിടിക്കാമെന്ന് കരുതിയതും 2021 തിരഞ്ഞെടുപ്പിൽ ഇടതുചേരിയെ പിന്തുണച്ച മുസ്ലീം ന്യൂനപക്ഷ വോട്ടുകൾ 2026-ൽ ഐക്യചേരിയിലേക്ക് എത്തിച്ചു.

പെന്തക്കോസ് സഭയുടെയും മറ്റും പിന്തുണ ഉണ്ടായിട്ടും ക്രിസ്ത്യൻ സമുദായ വോട്ടുകൾ ഇടതുചേരിയെ തുണച്ചില്ല. മധ്യകേരളത്തിലെ ക്രിസ്തീയ സമുദായങ്ങൾക്കിടയിൽ ദേശീയ ജനാധിപത്യ മുന്നണി സ്വാധീനം ചെലുത്തുമെന്നും ഐക്യമുന്നണിയുടെ പരമ്പരാഗത വോട്ടുകൾ ഭിന്നിക്കുമെന്നുമുള്ള ഇടതുചേരിയുടെ കണക്കുകൂട്ടൽ തെറ്റിയിട്ടുണ്ട്. മേഖലയിലെ പ്രമുഖ മുഖമായ കേന്ദ്രമന്ത്രി ജ്യോർജ്ജ് കുരിയനെ ഉൾപ്പെടെയുള്ളവരെ ദേശീയചേരി തിരഞ്ഞെടുപ്പിൽ നിർത്തിയെങ്കിലും വോട്ടുകൾ ഭിന്നിപ്പിക്കാൻ കഴിഞ്ഞില്ല. തിരഞ്ഞെടുപ്പ് പ്രചരണത്തിന്റെ അവസാന ഘട്ടത്തിലായി കേന്ദ്ര സർക്കാർ നടത്തിയ FCRA നിയമഭേദഗതി ക്രിസ്ത്യൻ സമുദായത്തിനിടയിൽ ദേശീയചേരിക്ക് എതിരെ വലിയ അപമതിപ്പ് ഉളവാക്കിയിട്ടുണ്ട്. പി.സി ജോർജ്ജ്, ഷോൺ ജോർജ്ജ് മുതലായവർ എടുത്ത ചില നിലപാടുകളും അവർ നടത്തിയ ചില പരാമർശങ്ങളും ക്രിസ്ത്യൻ സമുദായത്തെ ദേശീയചേരിയിൽനിന്നും അകറ്റുവാൻ ഇടയാക്കിയിട്ടുണ്ട്. മുനമ്പം വിഷയത്തിൽ ഇടതുചേരിക്കെതിരെ പ്രചരണം നടത്തി വോട്ടുകൾ നേടാം എന്ന തന്ത്രവും നടപ്പിലായിട്ടില്ല. 2021-ൽ ഇടതുചേരിയെ പിന്തുണച്ച പല ക്രിസ്തീയ സമുദായങ്ങളും 2026 ഐക്യചേരിയെ പിന്തുണച്ചു.

5. ഹിന്ദു വോട്ടുകളിലെ ഭിന്നിപ്പ്

ഇടതുചേരിയുടെ പരമ്പരാഗത സാമുദായിക വോട്ട് ബാങ്കുകളായ എസ്.എൻ.ഡി.പിയും നായർ സമുദായത്തിന്റെയും വോട്ടുകളിൽ ഭിന്നിപ്പുണ്ടാക്കാൻ ദേശീയചേരിക്ക് കഴിഞ്ഞിട്ടുണ്ട്. സുകുമാരൻ നായർ, വെള്ളാപ്പള്ളി നടേശൻ എന്നീ സാമൂദായിക നേതാക്കളുടെ തെളിഞ്ഞും ഒളിഞ്ഞുമുള്ള പിന്തുണ ഇടതുചേരി ഉറപ്പാക്കിയെങ്കിലും തിരഞ്ഞെടുപ്പ് പ്രചരണത്തിന്റെ ഘട്ടത്തിൽ വെള്ളാപ്പള്ളി നടേശന് എതിരെ വന്ന കോടതിവിധിയും എസ്.എൻ.ഡി.പിക്ക് ഉള്ളിൽനിന്നും തന്നെയുള്ള എതിർപ്പും ഇടതുചേരിയുടെ നല്ലൊരു ശതമാനം വോട്ടുകൾ ദേശീയ ചേരിയിലേക്ക് എത്തിക്കാൻ ഇടയാക്കിയിട്ടുണ്ട്. ഹിന്ദു സമുദായത്തിനിടയിൽ ബി.ജെ.പി ഒരു ബദലായിമാറിയതും ഇടതുചേരിക്ക് വലിയ തിരിച്ചടി ഉണ്ടാക്കിയിട്ടുണ്ട്. ഈഴവ സമുദായത്തിന് സ്വാധീനമുള്ള ചാത്തന്നൂർ മണ്ഡലത്തിൽ എസ്.എൻ.ഡി.പിയിൽ സ്വാധീനമുള്ളതും മണ്ഡലത്തിൽ പ്രമുഖനുമായ ബി.ബി ഗോപകുമാർ ഇടതുചേരിയുടെ പരമ്പരാഗത ഈഴവ വോട്ടുകളിൽ ഭിന്നിപ്പ് ഉണ്ടാക്കിയിട്ടുണ്ടെന്ന് വിലയിരുത്തുന്നു. ഉദ്ദേശം 3-5% വരെ ഹിന്ദുസാമുദായിക വോട്ടുകൾ ഇടതുചേരിയിൽനിന്നും ദേശീയചേരിയിലേക്ക് ചേക്കേറിയിട്ടുണ്ടെന്ന് വിലയിരുത്തുന്നു. ബി.ജെ.പിയെ സംബന്ധിച്ചിടത്തോളം സുരക്ഷിതത്വമുള്ള മണ്ഡലമായ നേമത്ത് പ്രമുഖനും സുപരിചിതനുമായ രാജീവ് ചന്ദ്രശേഖരിനെ മത്സരിക്കാൻ ഇറക്കിയത് ദേശീയചേരിയുടെ തന്ത്രപരമായ മിടുക്കായി വിലയിരുത്തുന്നു.

2021-ലെ മൊത്തം വോട്ടിന്റെ നില 11.30%-ൽ നിന്നും 11.42%-ലേക്ക് ഉയർത്താനെ ബി.ജെ.പിക്ക് കഴിഞ്ഞുള്ളു, 2021 ലോക് സഭാ ഇലക്ഷനിൽ കാഴ്ചവച്ച പ്രകടനത്തിലേക്ക് എത്താൻ ബി.ജെ.പിക്ക് കഴിഞ്ഞിട്ടില്ല. ആറ് മണ്ഡലങ്ങളിൽ രണ്ടാം സ്ഥാനത്ത് എത്താൻ ദേശീയചേരിക്ക് കഴിഞ്ഞിട്ടുണ്ട്. പാലക്കാട് പ്രമുഖയായ ശോഭ സുരേന്ദ്രനെ സ്ഥാനാർത്ഥിയാക്കി ആദ്യഘട്ടത്തിൽ വിജയപ്രതീക്ഷ പുലർത്തിയെങ്കിലും പ്രമുഖനല്ലാത്ത ഇടതുസ്ഥാനാർത്ഥിയും രമേഷ് പിഷാരടിയുടെ സ്വകാര്യ പ്രതിച്ഛായയും അവസാനഘട്ടത്തിൽ ശോഭാ സുരേന്ദ്രനെതിരെ ഉയർന്നുവന്ന ആരോപണങ്ങളും ബി.ജെ.പിക്ക് സ്വാധീനമുള്ള പാലക്കാട് വിജയം സമ്മാനിച്ചില്ല. കാസർഗോഡ് ജില്ലയിൽ ന്യൂനപക്ഷ, സി.പി.എം വോട്ടുകൾ ഇടതുചേരിയിലേക്ക് മറിഞ്ഞതും ദേശീയചേരിക്ക് തിരിച്ചടിയായി. സുരേഷ് ഗോപിയുടെ പ്രവർത്തന ശൈലി തൃശ്ശൂരിൽ തിരിച്ചടിയായെന്ന് വിലയിരുത്തുന്നു.

ഘടക കക്ഷിയായ ട്വന്റി-ട്വന്റിയിലും ബി.ജെ.പിയും പരിചയക്കുറവും പക്വതയില്ലാത്തതും അപ്രീതിയുള്ളതുമായ താര സ്ഥാനാർത്ഥികളെ അണിനിരത്തിയത് തിരിച്ചടിയായി. താര സ്ഥാനാർത്ഥികളെ അണിനിരത്തി ജനകീയ വോട്ടുകൾ പിടിച്ചെടുക്കാമെന്ന തിരഞ്ഞെടുപ്പ് തന്ത്രം ഫലവത്തായിട്ടില്ല. കൂടാതെ ദേശീയചേരിയിൽ ചേർന്ന ട്വന്റി-ട്വന്റിയിൽ നിന്നും നിഷ്പക്ഷ-ന്യൂനപക്ഷ വോട്ടുകൾ മാറിയിട്ടുള്ളതായും വിലയിരുത്തുന്നു.

6. ശബരിമല

2025-ലെ തദ്ദേശ തിരഞ്ഞെടുപ്പിലും 2026-ലെ നിയമസഭ തിരഞ്ഞെടുപ്പിലും ശബരിമല വിഷയം തന്ത്രപരമായി പ്രചരണായുധമാക്കാൻ ഐക്യചേരിക്ക് കഴിഞ്ഞിട്ടുണ്ട്. ശബരിമല സ്ത്രീ പ്രവേശന വിഷയത്തിൽ ഹിന്ദു സമുദായത്തിനുള്ളിൽ തന്നെ മതത്തിന്റെ പരിഷ്കരണവുമായി ബന്ധപ്പെട്ട ഭിന്നിപ്പ് നടന്നിട്ടുണ്ടെങ്കിൽ ശബരിമല സ്വർണ്ണക്കൊള്ള കേസ് ഒരു സാമ്പത്തിക വിഷയമായതിനാൽ മുമ്പ് നടന്നതുപോലെ ഒരു ഭിന്നിപ്പ് ഹിന്ദുക്കൾക്കിടയിൽ ഉണ്ടായിട്ടില്ലെന്ന് മാത്രമല്ല, ഈ വിഷയത്തിൽ ഒരു പൊതുവികാരം ഇടതുചേരിക്കെതിരെ ഉണ്ടായിട്ടുമുണ്ട്. 2025-ലെ തദ്ദേശ തിരഞ്ഞെടുപ്പിലേറ്റ തിരിച്ചടിയിൽനിന്നും മേൽ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കാതെ ഇടതുചേരി നിന്നതും പ്രതിപക്ഷത്തിന്റെ ആരോപണങ്ങളെ വേണ്ട വിധം ചെറുത്തുനിൽക്കാൻ കഴിയാഞ്ഞതും, കൂടാതെ മേൽ വിഷയത്തിൽ മുഖം മിനുക്കാനായി നടത്തിയ ആഗോള അയ്യപ്പ സംഗമത്തിൽ പ്രതിപക്ഷം ഉന്നയിച്ച സാമ്പത്തിക ക്രമക്കേട് ആരോപണവും ഇടതുചേരിക്ക് വലിയ തിരിച്ചടിയായി.

7. സി.പി.എം ഉൾകക്ഷി പോര്

സി.പി.എം എന്ന കക്ഷിക്ക് ഉള്ളിൽതന്നെയുണ്ടായിട്ടുള്ള പ്രശ്നങ്ങൾ തിരഞ്ഞെടുപ്പിൽ പ്രതിഫലിച്ചിട്ടുണ്ട്. സി.പി.എം-നുള്ളിൽ നിന്നും വിമത സ്ഥാനാർത്ഥികൾ ഉയർന്നുവന്നത്തും വിമത നീക്കങ്ങൾ ഉണ്ടായിട്ടുള്ളതും കൃത്യമായി പരിഹരിക്കാൻ സംസ്ഥാന നേതൃത്വത്തിന് കഴിഞ്ഞില്ല എന്ന് മാത്രമല്ല, അത്തരം വിമത നീക്കങ്ങളെയും വിമതർ ഉന്നയിച്ച ആരോപണങ്ങളെയും നിസാരവൽകരിച്ച് തള്ളിക്കളഞ്ഞ ഇ.പി ജയരാജന്റെ ഉൾപ്പെടെയുള്ള നടപടികൾ കക്ഷിയിൽ വിഭാഗീത സൃഷ്ടിച്ചു എന്ന് വിലയിരുത്തുന്നു. തളിപ്പറമ്പിൽ സംസ്ഥാന അധ്യക്ഷൻ എം.വി ഗോവിന്ദന്റെ ജീവിതപങ്കാളി പി.കെ ശ്യാമളയെ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാക്കിയത് സി.പി.എം-ന്റെ താഴെത്തട്ടിലുള്ള അണികൾക്കിടയിൽ വലിയ അപമതിപ്പ് ഉളവാക്കിയിട്ടുണ്ട്. സി.പി.എം പിന്തുടർന്നുവന്നിരുന്ന യോഗ്യത മുൻനിർത്തിയുള്ള നിലപാടിൽനിന്നും സ്വജനപക്ഷപാതപരമായ നിലപാടിലേക്ക് കക്ഷി നീങ്ങുന്നു എന്നുകണ്ട് പ്രവർത്തകർ തന്നെ തിരുത്തൽ നടപടിയെന്ന നിലയിൽ ഐക്യചേരിയെ പിന്തുണച്ചിട്ടുണ്ട്. ആലപ്പുഴയിൽ ജി. സുധാകരനും ടി.കെ ഗോവിന്ദനും സി.പി.എം-ൽ നിന്നും മാറി

ഐക്യചേരിയുടെ പിന്തുണയുള്ള സ്വതന്ത്ര സ്ഥാനാർത്ഥികളായി മത്സരിച്ചത് ഇടതുചേരിയുടെ കണക്കുകൂട്ടലുകൾക്കും അപ്പുറമുള്ള ഘടകങ്ങളായി മാറി.

സി.പി.എം-ന്റെയും ഇടതുചേരിയുടെയും ഉറപ്പുവോട്ടുകൾ പിണറായി വിജയന്റെ കേന്ദ്രീകൃത നേതൃത്വ നയത്തിനെതിരെയുള്ള തിരുത്തൽ വോട്ടുകളായി മാറി. പിണറായി വിജയന്റെ സുരക്ഷിത മണ്ഡലമായ ധർമ്മടത്ത് ഏറ്റ അപ്രതീക്ഷിതവും കനത്തതുമായ തിരിച്ചടി ഈ വസ്തുതയെ സാക്ഷ്യപ്പെടുത്തുന്നു. ചടയമംഗലം, കൊല്ലം, തിരുവനന്തപുരം എന്നിവിടങ്ങളിൽ തിരുത്തൽ വോട്ടുകൾ ഉണ്ടായിട്ടുണ്ട്. ഇടതുകോട്ടകൾ എന്ന് കരുതിയിരുന്ന മണ്ഡലങ്ങളിലുണ്ടായിട്ടുള്ള കനത്ത തിരിച്ചടി ഇടതുചേരിക്ക് വലിയ ക്ഷീണമുണ്ടാക്കിയിട്ടുണ്ട്.

ഐക്യചേരിയുടെ തന്ത്രപരമായ സംഘടിത പ്രവർത്തനവും ബി.ജെ.പി ഘടകവും സി.പി.എം-ന് ഉള്ളിൽതന്നെയുണ്ടായിട്ടുള്ള വിഭാഗീയതയും ഇടതുചേരിയുടെ തോൽവിയിലേക്ക് നയിച്ചതായി വിലയിരുത്തുന്നു. ഇടതുചേരിയുടെ മൂന്ന് മണ്ഡലങ്ങൾ ദേശീയ ചേരിയാണ് പിടിച്ചെടുത്തത് എന്നതും ശ്രദ്ധേയമാണ്.

9 യുവാക്കളും മധ്യവർഗ്ഗവും

സാമൂഹിക മാധ്യമങ്ങളിൽ തുടക്കക്കാലത്ത് മേൽക്കൈ ഉണ്ടായിരുന്ന ഇടതുചേരിക്ക് 2026 തിരഞ്ഞെടുപ്പിൽ അത് തന്ത്രപ്രാധാന്യത്തോടുകൂടി മുതലെടുക്കാൻ കഴിഞ്ഞിട്ടില്ല. ഇടതുചേരി പരമ്പരാഗതമായ പ്രവർത്തനരംഗത്ത് വികസനങ്ങൾ പറഞ്ഞ് വോട്ടുപിടിക്കാൻ ശ്രമിച്ചപ്പോൾ ഐക്യചേരി കൃത്യമായി വികേന്ദ്രീകൃതമായ സാമൂഹിക മാധ്യമ പ്രചരണം ശക്തിപ്പെടുത്തി. സാമൂഹിക മാധ്യമങ്ങളിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്തംഭനവും, തൊഴിലില്ലായ്മയും പ്രധാന വിഷയങ്ങളായി ഒരുതരം ആഖ്യാന ആധിപത്യം ഐക്യചേരിക്ക് ഉണ്ടാക്കാൻ കഴിഞ്ഞതും ആയതിനെ പ്രതിരോധിക്കാൻ വ്യക്തമായ ഏകോപനമില്ലാത്ത ഒരു സാമൂഹിക മാധ്യമ സംവിധാനത്തെ പിൻപറ്റിയത്തും യുവാക്കൾക്കിടയിൽ ഇടതുചേരിക്കെതിരെ ശക്തമായ വികാരം സൃഷ്ടിച്ചിട്ടുണ്ട്. ഇടതുചേരി ഉയർത്തിയ ഏത് ആരോപണത്തെയും നിമിഷനേരങ്ങൾക്കൊണ്ട് പ്രതിരോധിക്കാനും തീവ്രത കുറയ്ക്കാനുമുള്ള ശക്തമായ സാമൂഹിക മാധ്യമ സംവിധാനം ഐക്യചേരിക്ക് ഉണ്ടായതായി വിലയിരുത്തുന്നു. ഒ.ജെ ജെനീഷ്, ഫാത്തിമ തഹലിയ പോലെയുള്ള യുവനിരയിലുള്ള സ്ഥാനാർത്ഥികളെ അപകടസാധ്യതയുള്ള മണ്ഡലങ്ങളിൽ അണിനിരത്തി യുവാക്കളെ കേന്ദ്രീകരിച്ചുള്ള പ്രചരണം നടത്തിയത് ഐക്യചേരിക്ക് ഗുണകരമായി ഭവിച്ചിട്ടുണ്ട്. കൂടാതെ പി.എസ്.സി പട്ടികയിലുള്ളവർക്ക് നിയമനം നടത്തുന്നതിൽ വന്നിട്ടുള്ള താമസവും, അതുപോലെ പിൻവാതിൽ നിയമന വിവാദവും യുവാക്കൾക്കിടയിൽ ഭരണകക്ഷിക്കെതിരെ അപമതിപ്പ് ഉണ്ടാക്കിയിട്ടുണ്ട്. നിക്ഷേപ രംഗത്തും ബിസിനസ്സ് രംഗത്ത് കുതിപ്പുണ്ടാക്കിയെന്ന് ഇടതുചേരി അവകാശപ്പെടുമ്പോഴും പരമ്പരാഗതമായി ഇടതുചേരിവച്ചു പുലർത്തിയിരുന്ന നിക്ഷേപവിരുദ്ധരും, ബിസിനസ്സ് വിരുദ്ധരുമാണെന്നുള്ള പ്രതിച്ഛായ ഇടതുചേരിയെ ഒരു ഒഴിയാബാധയായി പിന്തുടർന്നിട്ടുണ്ട്.

കൂടാതെ പാർട്ടി കൂറിനെക്കാൾ ജനാധിപത്യ ആശയങ്ങൾക്ക് മുൻതൂക്കം നൽകുന്ന യുവാക്കൾക്കും മധ്യവർഗ്ഗത്തിനുമിടയിൽ മുഖ്യമന്ത്രി പിണറായി വിജയന്റെയും ഇതര മന്ത്രിമാരുടെയും പെരുമാറ്റരീതിയും പരുക്കൻ സമീപനവും 'ധാർഷ്ട്യ' പ്രതിച്ഛായ ഉണ്ടാക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. തദ്ദേശ തലം മുതൽ ഇടതുചേരിയിലെ നേതാക്കൾ ജനങ്ങളിൽനിന്നും അകന്നതായ ഒരു പ്രതീതി ഉടലെടുത്തതും അതുപോലെ സർക്കാരിന്റെ മുഖംമിനുക്കൽ പരിപാടിയായ ജനസമ്പർക്കത്തിൽ ഉയർന്നുവന്ന സാമ്പത്തിക ആരോപണവും പ്രതിഷേധകരെ നിഷ്ഠൂരം പോലിസിനെയും പാർട്ടി പ്രവർത്തകരെയും ഉപയോഗിച്ച്

കായികമായി നേരിട്ടതും യുവാക്കൾക്കും മധ്യവർഗ്ഗത്തിനുമിടയിൽ അവമതിപ്പ് ഉണ്ടാക്കിയിട്ടുള്ളതായി വിലയിരുത്തുന്നു.

10 ആശാ വർക്കർ വിവാദം

ആശാ വർക്കർമാരുടെ സമരം ചെറുതല്ലാത്ത തരത്തിൽ ഭരണകക്ഷിയെ ബാധിച്ചിട്ടുണ്ട്. സെക്രട്ടിറിയേറ്റിന് മുന്നിൽ നടന്ന 266 ദിന രാപ്പകൽ പ്രതിഷേധത്തെ വേണ്ടവിധം ഗൗനിക്കാനോ കൈകാര്യം ചെയ്യാനോ കഴിയാഞ്ഞത് തൊഴിലാളി പ്രസ്ഥാനമായ ഇടതുചേരി തൊഴിലാളി വിരുദ്ധ പ്രസ്ഥാനമാണെന്ന പ്രതിച്ഛായ സൃഷ്ടിച്ചിട്ടുണ്ട്. 7000 രൂപയിൽനിന്നും ഓണറേറിയം 21,000 രൂപയാക്കി ഉയർത്തണമെന്നുള്ള ആവിശ്യത്തിന് 1000 രൂപ ഉയർത്തി ഓണറേറിയം 8000 രൂപയാക്കാനുള്ള സർക്കാർ തീരുമാനം വളരെ തുച്ഛവും തൊഴിലാളികളെ അധിക്ഷേപിക്കുന്നതിനു തുല്യവുമാണെന്ന പ്രതീതി ഉണ്ടാക്കിയിട്ടുണ്ട്. പരമ്പരാഗതമായി ഇടതുചേരിക്ക് സ്വാധീനമുണ്ടായിരുന്ന തൊഴിലാളി വിഭാഗം സർക്കാരിനെതിരെ തിരിഞ്ഞിട്ടുണ്ട്.

നിർവ്വഹണ വിലയിരുത്തൽ

ഐക്യചേരി:

വി.ഡി. സതീശന്റെ നേതൃത്വത്തിൽ ഐക്യത്തോടെയും ചിട്ടയായ ആസൂത്രണത്തോടെയുമാണ് യു.ഡി.എഫ് ഈ തിരഞ്ഞെടുപ്പിനെ നേരിട്ടത്. ഭരണവിരുദ്ധ വികാരത്തെ കൃത്യമായി വോട്ടാക്കി മാറ്റാനും, യുവാക്കളെയും മധ്യവർഗ്ഗത്തെയും ആകർഷിക്കുന്ന തരത്തിൽ സോഷ്യൽ മീഡിയ പ്രചരണം ഏകോപിപ്പിക്കാനും മുന്നണിക്ക് സാധിച്ചു. മുസ്ലീം-ക്രിസ്ത്യൻ ന്യൂനപക്ഷ വോട്ടുകൾ ഏകീകരിക്കപ്പെട്ടതും, ശബരിമല സ്വർണ്ണക്കൊള്ള വിവാദം പോലുള്ള വിഷയങ്ങൾ സജീവമായി നിലനിർത്തിയതും യു.ഡി.എഫിന് വലിയ വിജയം സമ്മാനിച്ചു.

ഇടതുചേരി:

രണ്ടാം പിണറായി സർക്കാരിനെതിരെയുള്ള ശക്തമായ ഭരണവിരുദ്ധ വികാരവും അഴിമതി ആരോപണങ്ങളും ഇടതുമുന്നണിക്ക് കനത്ത തിരിച്ചടിയായി. മുഖ്യമന്ത്രിയുടെ കേന്ദ്രീകൃതമായ നേതൃശൈലിയും 'ധാർഷ്ട്യം' എന്ന പ്രതിച്ഛായയും ജനങ്ങൾക്കിടയിലും പാർട്ടി അണികൾക്കിടയിലും അസ്വാരസ്യമുണ്ടാക്കി. സി.പി.എമ്മിനുള്ളിലെ വിഭാഗീയത, സ്ഥാനാർത്ഥി നിർണ്ണയത്തിലെ പാളിച്ചകൾ, പരമ്പരാഗത വോട്ട് ബാങ്കുകളായ ഈഴവ-നായർ വോട്ടുകളിലെ ചോർച്ച എന്നിവ എൽ.ഡി.എഫിന്റെ തകർച്ചയ്ക്ക് കാരണമായി.

ദേശീയചേരി:

ഹിന്ദു വോട്ടുകളിൽ വിള്ളലുണ്ടാക്കി എൽ.ഡി.എഫിന്റെ പരമ്പരാഗത വോട്ടുകൾ പിടിച്ചെടുക്കുന്നതിൽ എൻ.ഡി.എ വിജയിച്ചു. പറയത്തക്ക ഭൂരിപക്ഷം ഇല്ലെങ്കിലും മൂന്ന് ഇടതു മണ്ഡലങ്ങൾ പിടിച്ചെടുത്തതും നേമം പോലുള്ള മണ്ഡലങ്ങളിൽ കരുത്തരായ സ്ഥാനാർത്ഥികളെ ഇറക്കിയതും മുന്നണിക്ക് ഗുണകരമായി. എങ്കിലും, FCRA നിയമഭേദഗതിയും നേതാക്കളുടെ വിവാദ പരാമർശങ്ങളും കാരണം ക്രിസ്ത്യൻ വോട്ടുകൾ നേടാനുള്ള തന്ത്രം വേണ്ടത്ര ഫലിച്ചില്ല. ഏകദേശം 3-5% ഹിന്ദു വോട്ടുകൾ എൽ.ഡി.എഫിൽ നിന്നും എൻ.ഡി.എയിലേക്ക് മാറിയതായി വിലയിരുത്തപ്പെടുന്നു.

മണ്ഡലങ്ങൾ

	മണ്ഡലം	ഒന്നാം സ്ഥാനം	രണ്ടാംസ്ഥാനം	ഭൂരിപക്ഷം
1	**അടൂർ**	അഡ്വ സിവി ശാന്തകുമാർ (ഐ.എൻ.സി)	പ്രിജി കണ്ണൻ (സി.പി.ഐ)	10332
2	**ആലപ്പുഴ**	അഡ്വ തോമസ് (ഐ.എൻ.സി)	പി.പി ചിത്തരഞ്ജൻ (സി.പി.ഐ.എം)	21015
3	**ആലത്തൂർ**	ടി. എം ശശി (സി.പി.ഐ.എം)	കെ. എം ഫെബിൻ (ഐ.എൻ.സി)	8553
4	**ആലുവ**	അൻവർ സാദത്ത് (ഐ.എൻ.സി)	അഡ്വ ഏ.എം ആരിഫ് (സി.പി.ഐ.എം)	29143
5	**അമ്പലപ്പുഴ**	ജി. സുധാകരൻ (സ്വതന്ത്രൻ)	എച്ച്. സലാം (സി.പി.ഐ.എം)	27935
6	**അങ്കമാലി**	റോജി എം ജോൺ (ഐ.എൻ.സി)	സജു പോൾ (സി.പി.ഐ.എം)	37008
7	**ആറന്മുള**	അബിൻ വർക്കി (ഐ.എൻ.സി)	വീണ ജോർജ്ജ് (സി.പി.ഐ.എം)	18985
8	**അരൂർ**	അഡ്വ ഷാനിമോൾ ഉസ്മാൻ (ഐ.എൻ.സി)	ദലീമ (സി.പി.ഐ.എം)	9324
9	**അരുവിക്കര**	അഡ്വ ജി സ്റ്റീഫൻ (സി.പി.ഐ.എം)	വി. എസ് ശിവകുമാർ (ഐ.എൻ.സി)	2843
10	**ആറ്റിങ്ങൽ**	ഓ.എസ് അംബിക (സി.പി.ഐ.എം)	അഡ്വ പി സുധീർ (ബി.ജെ.പി)	13375
11	**അഴിക്കോട്**	കെ.വി സുമേഷ് (സി.പി.ഐ.എം)	അഡ്വ കരീം ചേലേരി (ഐ.യു.എം.എൽ)	349
12	**ബാലുശ്ശേരി**	വി.റ്റി സൂരജ് (ഐ.എൻ.സി)	അഡ്വ കെ.എം സച്ചിൻദേവ് (സി.പി.ഐ.എം)	16980
13	**ബേപ്പൂർ**	പി.എ മുഹമ്മദ് റിയാസ് (സി.പി.ഐ.എം)	പി വി അൻവർ (സ്വതന്ത്രൻ)	7487
14	**ചടയമംഗലം**	എം. എം. നസീർ (ഐ.എൻ.സി)	ജെ. ചിഞ്ചുറാണി (സി.പി.ഐ)	7486
15	**ചാലക്കുടി**	സനീഷ് കുമാർ ജോസഫ് (ഐ.എൻ.സി)	അഡ്വ ബിജു എസ് ചിറയത്ത് (കെ.ഇ.സി.എം)	23156
16	**ചങ്ങനാശ്ശേരി**	വിനു ജോബ് കുഴിമണ്ണിൽ (കെ.ഇ.സി)	അഡ്വ ജോബ് മൈക്കിൾ (കെ.ഇ.സി.എം)	8368
17	**ചാത്തന്നൂർ**	ബി. ബി ഗോപകുമാർ (ബി.ജെ.പി)	അഡ്വ ആർ രാജേന്ദ്രൻ (സി.പി.ഐ)	4398
18	**ചവറ**	ഷിബു ബേബി ജോൺ (ആർ.എസ്.പി)	ഡോ. സുജിത്ത് വിജയൻപിള്ള	18573

			(സ്വതന്ത്രൻ)	
19	**ചേലക്കര**	യു. ആർ. പ്രദീപ് (സി.പി.ഐ.എം)	ശിവദാസൻ (സ്വതന്ത്രൻ)	29386
20	**ചെങ്ങന്നൂർ**	സജി ചെറിയാൻ (സി.പി.ഐ.എം)	അഡ്വ അബി കുര്യാക്കോസ് (ഐ.എൻ.സി)	10292
21	**ചേർത്തല**	പി. പ്രസാദ് (സി.പി.ഐ)	കെ. ആർ. രാജേന്ദ്ര പ്രസാദ് (ഐ.എൻ.സി)	14489
22	**ചിറയിൻകീഴ്**	രമ്യ ഹരിദാസ് (ഐ.എൻ.സി)	മനോജ് എടമണ (സി.പി.ഐ)	1422
23	**ചിറ്റൂർ**	അഡ്വ സുമേഷ് അച്യുതൻ (ഐ.എൻ.സി)	അഡ്വ വി മുരുകദാസ് (ഐ.എസ്.ജെ.ഡി)	6510
24	**ദേവികുളം**	എഫ് രാജ (ഐ.എൻ.സി)	അഡ്വ ആർ രാജ (സി.പി.ഐ.എം)	5233
25	**ധർമ്മടം**	പിണറായി വിജയൻ (സി.പി.ഐ.എം)	അഡ്വ വി.പി അബ്ദുൾ റഷീദ് (ഐ.എൻ.സി)	19247
26	**ഏലത്തൂർ**	അഡ്വ വിദ്യ ബാലകൃഷ്ണൻ (ഐ.എൻ.സി)	എ. കെ ശശീന്ദ്രൻ (എൻ.സി.പി ശരദ് ചന്ദ്രപവാർ)	12162
27	**എറണാകുളം**	ടി. ജെ വിനോദ് (ഐ.എൻ.സി)	സാബു ജോർജ്ജ് (സ്വതന്ത്രൻ)	36163
28	**ഇരവിപുരം**	അഡ്വ വിഷ്ണു മോഹൻ (ആർ.എസ്.പി)	എം. നൗഷാദ് (സി.പി.ഐ.എം)	8803
29	**ഏറനാട്**	പി.കെ ബഷീർ (ഐ.യു.എം.എൽ)	അഡ്വ ഷഫീർ കിഴിശ്ശേരി (സി.പി.ഐ)	41289
30	**ഏറ്റുമാനൂർ**	നാട്ടകം സുരേഷ് (ഐ.എൻ.സി)	വി. എൻ വാസവൻ (സി.പി.ഐ.എം)	19752
31	**ഗുരുവായൂർ**	എൻ. കെ. അക്ബർ (സി.പി.ഐ.എം)	സി.എച്ച്. റഷീദ് (ഐ.യു.എം.എൽ)	1998
32	**ഹരിപ്പാട്**	രമേഷ് ചെന്നിത്തല (ഐ.എൻ.സി)	ടി.ടി ജിസ്മോൻ (സി.പി.ഐ)	23377
33	**ഇടുക്കി**	റോയി കെ പൗലോസ് (ഐ.എൻ.സി)	റോഷി അഗസ്റ്റിൻ (കെ.ഇ.സി.എം)	23822
34	**ഇരിക്കൂർ**	അഡ്വ സജീവ് ജോസഫ് (ഐ.എൻ.സി)	അഡ്വ മാത്യൂ കുന്നമ്പള്ളി (കെ.ഇ.സി.എം)	42426
35	**ഇരിഞ്ഞാലിക്കുട**	അഡ്വ തോമസ് ഉണ്ണിയാടൻ (കെ.ഇ.സി)	ഡോ. ആർ. ബിന്ദു (സി.പി.ഐ.എം)	10212
36	**കടുന്തുരുത്തി**	അഡ്വ മോൻസ് ജോസഫ് (കെ.ഇ.സി)	നിർമല ജിമ്മി (കെ.ഇ.സി.എം)	31300
37	**കൈപ്പമംഗലം**	കെ. കെ വൽസരാജ് (സി.പി.ഐ)	ടി. എം നാസർ (ഐ.എൻ.സി)	9944
38	**കളമശ്ശേരി**	അഡ്വ വി. ഇ അബ്ദുൾ ഗഫൂർ	പി. രാജീവ് (സി.പി.ഐ.എം)	16312

		(ഐ.യു.എം.എൽ)		
39	**കല്ല്യാശ്ശേരി**	എം. വിജിൻ (സി.പി.ഐ.എം)	അഡ്വ രാജീവൻ കപ്പച്ചേരി (ഐ.എൻ.സി)	18433
40	**കൽപ്പറ്റ**	അഡ്വ റ്റി സിദ്ദിഖ് (ഐ.എൻ.സി)	പി. കെ അനിൽകുമാർ (ആർ.ജെ.ഡി)	45031
41	**കാഞ്ഞങ്ങാട്**	അഡ്വ ഗോവിന്ദൻ പള്ളിക്കാപ്പിൽ (സി.പി.ഐ)	ഷൈജി ഒറ്റപ്പള്ളി (കെ.ഇ.സി)	15316
42	**കാഞ്ഞിരപ്പള്ളി**	റോണി കെ ബേബി (ഐ.എൻ.സി)	ഡോ ആർ ജയരാജ് (കെ.ഇ.സി.എം)	5772
43	**കണ്ണൂർ**	അഡ്വ ടി.ഓ മോഹനൻ (ഐ.എൻ.സി)	രാമചന്ദ്രൻ കടന്നപ്പള്ളി (കോൺ സെ)	18551
44	**കരുനാഗപ്പള്ളി**	സി. ആർ മഹേഷ് (ഐ.എൻ.സി)	അഡ്വ എം. എസ് താര (സി.പി.ഐ)	26618
45	**കാസർഗോഡ്**	കല്ലട്ര മാഹിൻ (ഐ.യു.എം.എൽ)	അശ്വിനി എം. എൽ (ബി.ജെ.പി)	22698
46	**കാട്ടക്കട**	എം. ആർ ബൈജു (ഐ.എൻ.സി)	അഡ്വ ഐ.ബി സതീഷ് (സി.പി.ഐ.എം)	7136
47	**കായംകുളം**	അഡ്വ എം. ലൈജു (ഐ.എൻ.സി)	അഡ്വ യു പ്രതിഫ (സി.പി.ഐ.എം)	15572
48	**കഴക്കൂട്ടം**	വി. മുരളീധരൻ (ബി.ജെ.പി)	കടകമ്പള്ളി സുരേന്ദ്രൻ (സി.പി.ഐ.എം)	428
49	**കൊച്ചി**	മുഹമ്മദ് ഷിയാസ് (ഐ.എൻ.സി)	കെ. ജെ മാക്സി (സി.പി.ഐ.എം)	8188
50	**കൊടുങ്ങല്ലൂർ**	അഡ്വ ഓ ജെ ജനീഷ് (ഐ.എൻ.സി)	അഡ്വ വി. ആർ സുനിൽ കുമാർ (സി.പി.ഐ)	8308
51	**കൊടുവള്ളി**	പി. കെ ഫിറോസ് (ഐ.യു.എം.എൽ)	സലീം മടവൂർ (സ്വതന്ത്രൻ)	36682
52	**കൊല്ലം**	അഡ്വ ബിന്ദു കൃഷ്ണ (ഐ.എൻ.സി)	എസ് ജയമോഹൻ (സി.പി.ഐ.എം)	16830
53	**കൊണ്ടോട്ടി**	ടി. വി അഷറഫലി (ഐ.യു.എം.എൽ)	ഡോ പി ജിജി (സി.പി.ഐ.എം)	56017
54	**കോങ്ങാട്**	തുളസി ടീച്ചർ (ഐ.എൻ.സി)	അഡ്വ കെ ശാന്തകുമാരി (ഐ.എൻ.സി)	3706
55	**കോന്നി**	അഡ്വ കെ യു ജെനിഷ് കുമാർ (സി.പി.ഐ.എം)	പ്രൊഫ സതീഷ് കൊച്ചുപറമ്പിൽ (ഐ.എൻ.സി)	1838
56	**കോതമംഗലം**	ഷിബു തെക്കുമ്പുറം (കെ.ഇ.സി)	ആന്റണി ജോൺ (സി.പി.ഐ.എം)	16859
57	**കോട്ടക്കൽ**	പ്രൊഫ അബിദ് ഹുസൈൻ തങ്ങൾ (ഐ.യു.എം.എൽ)	പ്രീതി കൊഞ്ചത്ത് (സി.പി.ഐ.എം)	62638

58	**കൊട്ടാരക്കര**	കെ. എൻ ബാലഗോപാൽ (സി.പി.ഐ.എം)	അഡ്വ അയിഷ പോറ്റി (ഐ.എൻ.സി)	1012
59	**കോട്ടയം**	തിരുവഞ്ചൂർ രാധാകൃഷ്ണൻ (ഐ.എൻ.സി)	അഡ്വ കെ അനിൽകുമാർ (സി.പി.ഐ.എം)	35986
60	**കോവളം**	അഡ്വ എം വിൻസന്റ് (ഐ.എൻ.സി)	ഭഗത് റൂഫസ് (സ്വതന്ത്രൻ)	32709
61	**കോഴിക്കോട് വ.**	അഡ്വ കെ. ജയകാന്ദ് (ഐ.എൻ.സി)	തോട്ടത്തിൽ രവീന്ദ്രൻ (സി.പി.ഐ.എം)	1483
62	**കോഴിക്കോട് തെ.**	അഡ്വ ഫൈസൽ ബാബു (ഐ.യു.എം.എൽ)	അഹമ്മദ് ദേവർകോവിൽ (ഐ.എൻ.എൽ)	10795
63	**കുണ്ടറ**	പി. സി വിഷ്ണുനാഥ് (ഐ.എൻ.സി)	എസ് എൽ സജികുമാർ (സി.പി.ഐ.എം)	32564
64	**കുന്നമംഗലം**	എം. എ റസാക്ക് മാസ്റ്റർ (ഐ.യു.എം.എൽ)	അഡ്വ പി.റ്റി.എ റഹീം (സ്വതന്ത്രൻ)	13313
65	**കുന്നംകുളം**	ഏ.സി മൊയിദീൻ (സി.പി.ഐ.എം)	പി റ്റി അജയ് മോഹൻ (ഐ.എൻ.സി)	4563
66	**കുന്നത്തുനാട്**	വി.പി സജീന്ദ്രൻ (ഐ.എൻ.സി)	അഡ്വ പി.വി ശ്രീനിജിൻ (സി.പി.ഐ.എം)	21283
67	**കുന്നത്തൂർ**	ഉല്ലാസ് കോവൂർ (ആർ.എസ്.പി)	കോവൂർ കുഞ്ഞുമോൻ (കെ.ആർ.എസ്.പി.ലെ-മാ)	25314
68	**കൂത്തുപറമ്പ്**	പി.കെ പ്രവീൺ (ആർ. ജെ. ഡി)	ജയന്തി രാജൻ (ഐ.യു.എം.എൽ)	1286
69	**കുട്ടനാട്**	റജി ചെറിയാൻ (കെ.ഇ.സി)	തോമസ് കെ തോമസ് (എൻ.സി.പി ശരദ് ചന്ദ്രപവാർ)	20600
70	**കുറ്റിയാടി**	പാറക്കൽ അബ്ദുള്ള (ഐ.യു.എം.എൽ)	കെ.പി കുഞ്ഞഹമ്മദുകുട്ടി മാസ്റ്റർ (സി.പി.ഐ.എം)	10922
71	**മലമ്പുഴ**	ഏ പ്രഭാകരൻ (സി.പി.ഐ.എം)	സി കൃഷ്ണകുമാർ (ബി.ജെ.പി)	19721
72	**മലപ്പുറം**	പി.കെ കുഞ്ഞാലിക്കുട്ടി (ഐ.യു.എം.എൽ)	കെ.ടി മുജീബ് റഹ്മാൻ (എൻ.സി.പി ശരദ് ചന്ദ്രപവാർ)	85327
73	**മണലൂർ**	പ്രോഫ് സി രവിചന്ദ്രൻ (സി.പി.ഐ.എം)	ടി. എൻ പ്രതാപൻ (ഐ.എൻ.സി)	126
74	**മാനന്തവാടി**	ഉഷ വിജയൻ (ഐ.എൻ.സി)	ഓ ആർ കേളു (സി.പി.ഐ.എം)	10543
75	**മഞ്ചേരി**	അഡ്വ എം റഹമത്തുള്ള (ഐ.യു.എം.എൽ)	വി. എം മുസ്തഫ (സ്വതന്ത്രൻ)	57887

76	**മഞ്ചേശ്വരം**	എ. കെ. എം അഷറഫ് (ഐ.യു.എം.എൽ)	കെ. സുരേന്ദ്രൻ (ബി.ജെ.പി)	29252
77	**മാങ്കട**	മഞ്ഞളാംകുഴി അലി (ഐ.യു.എം.എൽ)	കുന്നത്ത് മുഹമ്മദ് (സ്വന്തന്ത്രൻ)	45609
78	**മണ്ണാറക്കാട്**	അഡ്വ എൻ സംശുദ്ദീൻ (ഐ.യു.എം.എൽ	മൻസില് അബൂബക്കർ (സി.പി.ഐ)	25903
79	**മട്ടന്നൂർ**	വി. കെ സനോജ് (സി.പി.ഐ.എം)	ചന്ദ്രൻ തില്ലങ്കേരി (ഐ.എൻ.സി)	14168
80	**മാവേലിക്കര**	എം. എസ് അരുൺകുമാർ (സി.പി.ഐ.എം)	അഡ്വ മുത്താറ രാജ് (ഐ.എൻ.സി)	15736
81	**മൂവാറ്റുപുഴ**	ഡോ മാത്യു കുഴൽനാടൻ (ഐ.എൻ.സി)	എൻ അരുൺ (സി.പി.ഐ)	42829
82	**നാദാപുരം**	കെ.എം അഭിജിത്ത് (ഐ.എൻ.സി)	അഡ്വ പി വസന്തം (സി.പി.ഐ)	23600
83	**നാട്ടിക**	ഗീതാഗോപി (സി.പി.ഐ)	അഡ്വ സുനിൽ ലാലൂർ (ഐ.എൻ.സി)	7093
84	**നെടുമങ്ങാട്**	ജി.ആർ അനിൽ (സി.പി.ഐ)	മീനാങ്കൽ കുമാർ (ഐ.എൻ.സി)	21583
85	**നെന്മാറ**	കെ. പ്രേമൻ (സി.പി.ഐ.എം)	എ തങ്കപ്പൻ (ഐ.എൻ.സി)	3305
86	**നേമം**	രാജീവ് ചന്ദ്രശേഖർ (ബി.ജെ.പി)	വി ശിവൻകുട്ടി (സി.പി.ഐ.എം)	4978
87	**നെയ്യാറ്റിൻകര**	എൻ ശക്തൻ (ഐ.എൻ.സി)	കെ അൻസലൻ (സി.പി.ഐ.എം)	6966
88	**നിലമ്പൂർ**	ആര്യാടൻ ഷൗക്കത്ത് (ഐ.എൻ.സി)	യു ഷറഫലി (സ്വതന്ത്രൻ)	54851
89	**ഒല്ലൂർ**	കെ രാജൻ (സി.പി.ഐ)	അഡ്വ ഷാജി ജെ കൊണ്ടൻകണ്ടത്ത് (ഐ.എൻ.സി)	8884
90	**ഒറ്റപ്പാലം**	അഡ്വ കെ പ്രേംകുമാർ (സി.പി.ഐ.എം)	പി.കെ ശശി (സ്വതന്ത്രൻ)	26777
91	**പാല**	മാണി സി കാപ്പൻ (സ്വതന്ത്രൻ)	ജോസ് കെ മാണി (കെ.ഇ.സി.എം)	2991
92	**പാലക്കാട്**	രമേഷ് പിഷാരടി (ഐ.എൻ.സി)	ശോഭ സുരേന്ദ്രൻ (ബി.ജെ.പി)	13147
93	**പാറശ്ശാല**	സി കെ ഹരീന്ദ്രൻ (സി.പി.ഐ.എം)	നെയ്യാറ്റിൻകര സനൽ (ഐ.എൻ.സി)	15013
94	**പറവൂർ**	അഡ്വ വി. ഡി സതീഷൻ (ഐ.എൻ.സി)	ഇ.റ്റി റ്റൈസൺ മാസ്റ്റർ (സി.പി.ഐ)	20600
95	**പത്തനാപുരം**	ജ്യോതി കുമാർ	കെ ബി ഗണേഷ് കുമാർ	8310

		ചാമക്കാല (ഐ.എൻ.സി)	(കെ.ഇ.സി.ബി)	
96	**പട്ടാമ്പി**	മുഹമ്മദ് ഹുസൈൻ (സി.പി.ഐ)	ടി.പി ഷാജി (ഐ.എൻ.സി)	9442
97	**പയ്യന്നൂർ**	വി കുഞ്ഞികൃഷ്ണൻ (സ്വതന്ത്രൻ)	ടി. ഐ മധുസൂദനൻ (സി.പി.ഐ.എം)	7487
98	**പീരുമേട്**	അഡ്വ സിറിയാക്ക് തോമസ് (ഐ.എൻ.സി)	കെ. സലീം കുമാർ (സി.പി.ഐ)	27634
99	**പേരാമ്പ്ര**	അഡ്വ ഫാത്തിമ തഹിലിയ (ഐ.യു.എം.എൽ)	ടി. പി രാമകൃഷ്ണൻ (സി.പി.ഐ.എം)	5087
100	**പേരാവൂർ**	അഡ്വ സണ്ണി ജോസഫ് (ഐ.എൻ.സി)	കെ. കെ ഷൈലജ ടീച്ചർ (സി.പി.ഐ.എം)	14453
101	**പെരിന്തൽമണ്ണ**	നജീബ് കാന്തപുരം (ഐ.യു.എം.എൽ)	വി.പി മുഹമ്മദ് ഹനീഫ (സി.പി.ഐ.എം)	32431
102	**പെരുമ്പാവൂർ**	മനോജ് മൂത്തേടൻ (ഐ.എൻ.സി)	ബേസിൽ പോൾ (കെ.ഇ.സി.എം)	28434
103	**പിറവം**	അനൂപ് ജേക്കബ് (കെ.ഇ.സി.ജെ)	സാബു കെ ജേക്കബ് (കെ.ഇ.സി.എം)	44681
104	**പൊന്നാനി**	കെ.പി നൗഷാദ് അലി (ഐ.എൻ.സി)	അഡ്വ എം. കെ സക്കീർ (സി.പി.ഐ.എം)	13267
105	**പൂഞ്ഞാറ്**	അഡ്വ സെബാസ്റ്റിയൻ എം. ജെ (ഐ.എൻ.സി)	അഡ്വ സെബാസ്റ്റിയൻ കുളത്തുങ്കൽ (കെ.ഇ.സി.എം)	6693
106	**പുതുക്കാട്**	കെ. കെ രാമചന്ദ്രൻ (സി.പി.ഐ.എം)	കെ. എം ബാബുരാജൻ (ഐ.എൻ.സി)	2853
107	**പുനലൂർ**	സി അജയപ്രസാദ് (സി.പി.ഐ)	നൗഷാദ് യൂനൂസ് (ഐ.യു.എം.എൽ)	21529
108	**പുതുപ്പള്ളി**	അഡ്വ ചാണ്ടി ഉമ്മൻ (ഐ.എൻ.സി)	കെ. എം രാധാകൃഷ്ണൻ (സി.പി.ഐ.എം)	52907
109	**കൊയിലാണ്ടി**	അഡ്വ കെ പ്രവീൺ കുമാർ (ഐ.എൻ.സി)	കെ. ദാസൻ (സി.പി.ഐ.എം)	12070
110	**റാന്നി**	അഡ്വ പഴങ്കുളം മധു (ഐ.എൻ.സി)	അഡ്വ പ്രമോദ് നാരയണൻ (കെ.ഇ.സി.എം)	4344
111	**ഷൊറണൂർ**	പി. മമ്മിക്കുട്ടി (സി.പി.ഐ.എം)	പി ഹരിഗോവിന്ദൻ (ഐ.എൻ.സി)	16517
112	**സുൽത്താൻ ബത്തേരി**	ഐ. സി ബാലകൃഷ്ണൻ (ഐ.എൻ.സി)	എം. എസ് വിശ്വനാഥൻ (സി.പി.ഐ.എം)	16597
113	**തളിപ്പറമ്പ്**	ടി. കെ ഗോവിന്ദൻ മാസ്റ്റർ	പി. കെ ശ്യാമള ടീച്ചർ (സി.പി.ഐ.എം)	12551

		(സ്വതന്ത്രൻ)		
114	**താനൂർ**	പി. കെ നവാസ് (ഐ.യു.എം.എൽ)	മുഹമ്മദ് സമീർ ടി (സ്വതന്ത്രൻ)	27131
115	**തരൂർ**	സുമോദ് (സി.പി.ഐ.എം)	സുബ്രഹ്മണ്യൻ കെ. സി (ഐ.എൻ.സി)	11910
116	**തലശ്ശേരി**	കാരായി രാജൻ (സി.പി.ഐ.എം)	സാജു കെ. പി (ഐ.എൻ.സി)	20523
117	**തവനൂർ**	അഡ്വ വി എസ് റോയ് (ഐ.എൻ.സി)	ഡോ കെ റ്റി ജലീൽ (സ്വതന്ത്രൻ)	14647
118	**തിരുവല്ല**	അഡ്വ വർഗ്ഗീസ് മാമൻ (കെ.ഇ.സി)	അനൂപ് ആന്റണി (ബി.ജെ.പി)	10146
119	**തിരുവമ്പാടി**	സി. കെ ഖാസിം (ഐ.യു.എം.എൽ)	ലിന്റോ ജോസഫ് (സി.പി.ഐ.എം)	6741
120	**തിരുവനന്തപുരം**	സി. പി ജോൺ (സി.എം.പി.കെ.എസ്.സി)	സുധീർ കരമന (സ്വതന്ത്രൻ)	9863
121	**തൊടുപുഴ**	അപു ജോൺ ജോസഫ് (കെ.ഇ.സി)	സിറിയാക്ക് ചാഴിക്കാടൻ (കെ.ഇ.സി.എം)	44291
122	**തൃക്കാക്കര**	ഉമ തോമസ് (ഐ.എൻ.സി)	അഡ്വ പുഷ്പദാസ് (സി.പി.ഐ.എം)	50211
123	**തൃപ്പൂണിത്തുറ**	ദീപക് ജോയ് (ഐ.എൻ.സി)	കെ. എൻ ഉണ്ണികൃഷ്ണൻ (സി.പി.ഐ.എം)	18468
124	**തൃശ്ശൂർ**	രാജൻ ജെ പല്ലൻ (ഐ.എൻ.സി)	ആലങ്കോട് ലീലാകൃഷ്ണൻ (സി.പി.ഐ)	26803
125	**തൃത്താല**	വി.റ്റി ബലറാം (ഐ.എൻ.സി)	എം ബി രാജേഷ് (സി.പി.ഐ.എം)	8385
126	**തിരൂർ**	കുറുക്കോളി മൊയ്തീൻ (ഐ.യു.എം.എൽ)	വി അബ്ദുറഹ്മാൻ (സി.പി.ഐ.എം)	24137
127	**തിരൂരങ്ങാടി**	പി.എം.എ സമീർ (ഐ.യു.എം.എൽ)	അജിത് കോലാടി (സി.പി.ഐ)	63387
128	**തൃക്കരിപ്പൂർ**	സന്ദീപ് വാര്യർ (ഐ.എൻ.സി)	ഡോ വി പി പി മുസ്തഫ (സി.പി.ഐ.എം)	4431
129	**ഉദുമ**	നീലകണ്ഠൻ (ഐ.എൻ.സി)	ഛി. എച്ച് കുഞ്ഞാമ്പു (സി.പി.ഐ.എം)	4847
130	**ഉടുമ്പൻചോല**	അഡ്വ സേനാപതി വേണു (ഐ.എൻ.സി)	കെ.കെ ജയചന്ദ്രൻ (സി.പി.ഐ.എം)	20021
131	**വടകര**	കെ.കെ രമ (ആർ.എം.പി)	എം.കെ ഭാസ്കരൻ (ആർ.ജെ.ഡി)	14862
132	**വൈക്കം**	കെ ബിനിമോൻ (ഐ.എൻ.സി)	പി. പ്രദീപ് (സി.പി.ഐ)	1360

133	**വള്ളിക്കുന്ന്**	ടി.വി ഇബ്രാഹിം (ഐ.യു.എം.എൽ)	അഡ്വ മുസ്തഫ (സ്വതന്ത്രൻ)	51289
134	**വാമനപുരം**	മുഹമ്മദ് സുദീർഷാ എസ് (ഐ.എൻ.സി)	മുരളീധരൻ നായർ ഡി കെ (സി.പി.ഐ.എം)	12185
135	**വർക്കല**	അഡ്വ വി ജോയ് (സി.പി.ഐ.എം)	വർക്കല കഹാർ (ഐ.എൻ.സി)	2050
136	**വട്ടിയൂർക്കാവ്**	കെ മുരളീധരൻ (ഐ.എൻ.സി)	അഡ്വ വി. കെ പ്രശാന്ത് (സി.പി.ഐ.എം)	5425
137	**വേങ്ങര**	കെ.എം ഷാജി (ഐ.യു.എം.എൽ)	സബഹ് കുണ്ടുപുഴക്കൽ (സ്വതന്ത്രൻ)	30325
138	**വൈപ്പിൻ**	ടോണി ചമ്മണി (ഐ.എൻ.സി)	അഡ്വ എം. ബി ഷൈനി (സി.പി.ഐ.എം)	15648
139	**വടക്കാഞ്ചേരി**	സേവിയർ ചിറ്റിലപ്പള്ളി (സി.പി.ഐ.എം)	പി. എൻ വൈശാഖ് (ഐ.എൻ.സി)	5690
140	**വണ്ടൂർ**	എ.പി അനിൽകുമാർ (ഐ.എൻ.സി)	ഡോ കെ. കെ ദാമോദരൻ (സി.പി.ഐ.എം)	47939

2026 കേരള നിയമസഭാ തിരഞ്ഞെടുപ്പ് അവലോകനം

2026 മെയ് 6
മലയാളമുന്നേറ്റം

ഉറവിടങ്ങൾ:

1. തിരഞ്ഞെടുപ്പ് കമ്മീഷൻ ഔദ്യോഗിക വെബ്സൈറ്റ്